"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - എയ്ഡഡ് സ്കൂളുകളിൽ ബൈ ട്രാൻസ്ഫർ നിയമനം വഴി എച്ച്.എസ്.എസ്.റ്റി ആയ എച്ച്. എസ്. എ.മാർക്ക് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ജെഎ) വകുപ്പ്**

സ.ഉ.(കൈ) നം.117/2026/GEDN തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:- 1.സ.ഉ.(സാധാ) നം. 4201/2025/പൊ.വി.വ. തീയതി 25/06/2025
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 12/03/2026-ലെ DGE/3220/2026-EMS നം. കത്ത് .

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ബൈ ട്രാൻസ്ഫർ നിയമനം വഴി എച്ച്.എസ്.എസ്.ടി ആയ എച്ച് എസ് ടി മാർക്ക് അവരുടെ എച്ച് എസ് ടി സേവന സീനിയോറിറ്റി കണക്കിലെടുത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമനാംഗീകാരവും ഹെഡ്മാസ്റ്റർ ആയ ശേഷം എച്ച് എസ് ടി തസ്തികയിൽ അർഹമായ സമയബന്ധിത ഹയർ ഗ്രേഡുകളും പരാമർശം (1) ഉത്തരവ് പ്രകാരം നൽകി വരുന്നുണ്ട്.

2. മേൽ സാഹചര്യത്തിൽ, എയ്ഡഡ് സ്കൂളുകളിൽ ബൈ ട്രാൻസ്ഫർ നിയമനം വഴി എച്ച്.എസ്.എസ്.റ്റി ആയ എച്ച്. എസ്. എ.മാർക്ക് സർക്കാർ സ്കൂളുകളിലേതിന് സമാനമായി അവരുടെ എച്ച് എസ് എ തസ്തികയിലെ ലീൻ , സീനിയോറിറ്റി എന്നിവ കണക്കിലെടുത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയകുമാർ സി എസ്
ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, ഉപഡയറക്ടർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) വിവര പൊതുജന സമ്പർക്ക

വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by N K Sheena
Date: 08-07-2026 12:46:54
സെക്ഷൻ ഓഫീസർ